**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **325** **15/12/2014**-ലെ മറുപടിക്ക്

**വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി**

| ചോദ്യം | മറുപടി. |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, സി. പി. മുഹമ്മദ്<br>,, വർക്കല കഹാർ<br>,, ബെന്നി ബെഹനാൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പുതിയ രൂപത്തിൽ മുന്നോട്ട് കൊണ്ടു പോകാനും കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ; | എ) നിലവിലെ സംവിധാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അഴിമതിയ്ക്കെതിരായ പ്രവർത്തനങ്ങളിൽ ശക്തവും കർശനവുമായ നടപടികളാണ് സ്വീകരിച്ച് പ്രാവർത്തികമാക്കുന്നത്. വിജിലൻസ് കേസുകളുടെ അന്വേഷണങ്ങളിൽ അനാവശ്യ സമയ നഷ്ടം ഒഴിവാക്കി അവ സമയ പരിധിക്കുള്ളിൽ തീർപ്പാക്കുന്നതിന് കാലോചിതമായ എല്ലാ നടപടികളും കൈക്കൊള്ളാറുണ്ട്. വിജിലൻസിന്റെ പ്രവർത്തനങ്ങളും മറ്റും നവീകരിക്കുന്നതിന്റെ ഭാഗമായി ശക്തവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കുകയും, കാലാനുസൃതമായി തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്. സമയബന്ധിതമായി വിജിലൻസ് കേസുകളും, അന്വേഷണങ്ങളും തീർപ്പാക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകുകയും, അവയുടെ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തുകയും ചെയ്യാറുണ്ട്. അന്വേഷണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വകുപ്പുതല പരിശീലനത്തിന്റെ ഭാഗമായി സി.ബി.ഐ ട്രെയിനിംഗ് ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ നൽകാറുണ്ട്. |

| | |
|---|---|
| ബി) വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ടോൾഫ്രീ, വിജിലൻസ് ലൈറ്റ്നിംഗ് സ്ക്വാഡ്, സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലൂടെ പരാതി സ്വീകരിക്കൽ തുടങ്ങി ഒട്ടേറെ നവീന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന വ്യാപകമായി വിവിധ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ മിന്നൽ പരിശോധനകൾ നടത്തിയും, ട്രാപ്പുകൾ നടത്തിയും അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പിടികൂടി അഴിമതി കണ്ടെത്തി നിർമ്മാർജ്ജനം ചെയ്യാനും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഫലപ്രദമായി പ്രവർത്തിക്കുന്നു. ജില്ലാതല വിജിലൻസ് കമ്മിറ്റികൾ, (അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന്റെ ഭാഗമായി) പ്രവർത്തന മികവ് തെളിയിക്കുന്ന വിജിലൻസ് ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ, അഴിമതിയെ സംബന്ധിച്ച് വിവരം നൽകുന്ന വിവരദായകർക്ക് പുരസ്കാരം, ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കാൻ കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനായി ഊർജ്ജിത ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കെട്ടിക്കിടക്കുന്ന കേസുകളുടെ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിലേക്കായി 2 പുതിയ വിജിലൻസ് കോടതികളുടെ രൂപീകരണം, സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ